"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - സർവ്വേയും ഭൂരേഖയും വകുപ്പ് - അഡീഷണൽ ഡയറക്ടർ തസ്തികയിലെ 1977 മുതൽ 1998 വരെയുള്ള കാലയളവിലെ താൽക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.581/2025/RD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-
1. 24.07.1998 തീയതിയിലെ സ.ഉ.(അച്ചടി) നം 24/98/P&ARD.
2. 04.05.2023 ലെ സ.ഉ.(അച്ചടി) നം 115/2023/RD.
3. 16.12.2024 ലെ സ.ഉ.(അച്ചടി) നം 317/2024/RD, 18.12.2024 ലെ അസാധാരണ ഗസറ്റ് വോള്യം XIII നം 4007.
4. 20.02.2025 ലെ സർവ്വെ ഡയറക്ടറുടെ DSLR/4082/2024- SC2 നമ്പർ കത്ത്.

**ഉത്തരവ്**

1. സർവ്വെയും ഭൂരേഖയും വകുപ്പിൽ 1977 ൽ അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തിക നിലവിൽ വന്നിരുന്നു. ടി തസ്തികയുടെ ഫീഡർ കാറ്റഗറി 1984 വരെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും 1984 ൽ ജോയിന്റ് ഡയറക്ടർ തസ്തിക നിലവിൽ വന്നതുമുതൽ ആ തസ്തികയുമാണ്. ഡെപ്യൂട്ടി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അഭാവത്തിൽ 1977 മുതൽ 2024 വരെയുള്ള അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായിട്ടായിരുന്നു നൽകിയിരുന്നത്.
2. താൽകാലികമായി 1977 മുതൽ നടത്തിയ പ്രസ്തുത സ്ഥാനകയറ്റങ്ങൾ റഗുലറൈസ് ചെയ്യേണ്ടത് തുടർന്നുള്ള വർഷങ്ങളിലെ സ്ഥാനകയറ്റങ്ങൾ നടത്തുന്നതിന് ആവശ്യമാണ്. ആയതിനാൽ ഇതിന്റെ ആദ്യ ഘട്ടമായി 1977 മുതൽ 1998 വരെയുള്ള സ്ഥാനകയറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് പരാമർശം (4) പ്രകാരം സർവെ ഡയറക്ടർ പ്രപോസൽ സമർപ്പിക്കുകയുണ്ടായി.
3. 1977 മുതൽ 1998 വരെയുള്ള സ്ഥാനകയറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് അഡീഷണൽ ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയായ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെയും ജോയിന്റ് ഡയറക്ടർ തസ്തികയുടെയും സീനിയോറിറ്റി ലിസ്റ്റുകൾ ആവശ്യമായിരുന്നു. വകുപ്പിലെ ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 10.05.1966 മുതൽ 01.06.1998 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്

പരാമർശം (2) പ്രകാരവും ജോയിന്റ് ഡയറക്ടർ തസ്തികയിൽ 1984 മുതൽ 2024 വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരവും പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ ലിസ്റ്റിൽ നിന്ന് അർഹതയുള്ള ആളുകളെയാണ് 1998 വരെയുള്ള അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നടത്തിയ താൽകാലിക സ്ഥാനകയറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് തിരഞ്ഞെടുക്കേണ്ടത്.

4. മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടേയും പരാമർശം (4) സർവ്വെ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സർവ്വെയും ഭൂരേഖയും വകുപ്പിൽ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് നടത്തിയ 1977 മുതൽ 1998 വരെയുള്ള ചുവടെ പറയുന്ന താൽക്കാലിക സ്ഥാനകയറ്റങ്ങൾ റെഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No. | Name | DoB |
|---|---|---|
| 1. | Balakrishnan Nair P | 30.09.1922 |
| 2. | Krishnankutty K | 20.03.1930 |
| 3. | Balakurup P | 30.05.1931 |
| 4. | Padmanabhan Nambiar V K | 15.10.1934 |
| 5. | Bhaskaran Nambiar O K | 06.04.1935 |
| 6. | Soman K M | 05.06.1946 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റോയിച്ചൻ തോമസ്

ഡെപ്യൂട്ടി സെക്രട്ടറി

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ./ഓഫീസ് പകർപ്പ്.( REV-E2/105/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Joshy K L
സെക്ഷൻ ഓഫീസർ
Date: 07-03-2025 16:49:46